**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1276** **15-10-2026-ൽ മറുപടിയ്ക്ക്**

**ഭൂമി സംബന്ധമായ സേവനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി ഫാത്തിമ തഹിലിയ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഭൂമി സംബന്ധമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** നിലവിൽ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഭൂമി സംബന്ധമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി റെലിസ് 2.0 (ReLIS 2.0), റവന്യൂ ഇ-സർവീസ് മൊബൈൽ ആപ്ലിക്കേഷൻ, ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ, ഓഫ് ലൈൻ പോക്കുവരവിന്റെ ഡിജിറ്റൈസേഷൻ, തരംമാറ്റം പോലുള്ള ഭൂമി സംബന്ധമായ സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിച്ചു വരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, 100 ദിന കർമ്മപദ്ധതിയുമായി ബന്ധപ്പെട്ട്, ഡിജിറ്റൽ സർവേ പൂർത്തിയാക്കി കൈമാറിയിട്ടുള്ള 266 വില്ലേജുകളിൽ 2026 നവംബർ 1 മുതൽ ഓട്ടോ-മ്യൂട്ടേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ, പൊതുജനങ്ങൾക്ക് സുഗമമായി ഭൂമിയുടെ ലൊക്കേഷൻ സ്കെച്ച് ഓൺലൈൻ പോർട്ടലിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഭൂമി സംബന്ധമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി കാലഹരണപ്പെട്ട ഭൂനിയമങ്ങൾ പരിഷ്കരിക്കുന്നതും ലളിതമായ നടപടിക്രമങ്ങൾ ഉൾപ്പെടുത്തുന്നതും നികുതികൾ പുനപരിശോധിക്കുന്നതും സംബന്ധിച്ച് വിവിധ വിഷയങ്ങൾ പരിഗണനയിലുള്ളതുമാണ്.

**(ബി)** ഭൂമി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനായി അധിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** നിയമിച്ചിട്ടില്ല.

**(സി)** പേരാമ്പ്ര നിയോജകമണ്ഡലത്തിൽ പട്ടയം നൽകുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; ആകെ ലഭിച്ച അപേക്ഷകൾ, നൽകിയ പട്ടയങ്ങളുടെ വിവരങ്ങൾ എന്നിവ വില്ലേജ് അടിസ്ഥാനത്തിൽ തരംതിരിച്ച് ലഭ്യമാക്കുമോ?

**<u>മറുപടി:</u>** പേരാമ്പ്ര നിയോജകമണ്ഡലത്തിൽ പട്ടയം നൽകുന്നതിനായി ലഭിച്ച അപേക്ഷകൾ, 2016 മുതൽ അനുവദിച്ച പട്ടയങ്ങളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**പേരാമ്പ്ര നിയോജകമണ്ഡലത്തിൽ പട്ടയം നൽകുന്നതിനായി ലഭിച്ച അപേക്ഷകൾ, 2016 മുതൽ അനുവദിച്ച പട്ടയങ്ങളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ**

| ക്രമ നമ്പർ | വില്ലേജ് | അപേക്ഷകളുടെ എണ്ണം | അനുവദിച്ച പട്ടയം |
|---|---|---|---|
| 1 | ചക്കിട്ടപ്പാറ | 202 | 17 |
| 2 | ചെമ്പനോട | 12 | 31 |
| 3 | ചങ്ങരോത്ത് | 51 | 2 |
| 4 | പാലേരി | 48 | 11 |
| 5 | കീഴരിയൂർ | 19 | 14 |
| 6 | തുറയൂർ | 11 | 7 |
| 7 | മേഞ്ഞാണ്യം | 30 | 22 |
| 8 | പേരാമ്പ്ര | 21 | 27 |
| 9 | കൂത്താളി | 8 | 15 |
| 10 | അരിക്കുളം | 13 | 2 |
| 11 | ചെറുവണ്ണൂർ | 2 | 5 |
| 12 | മേപ്പയ്യൂർ | 8 | 8 |
| 13 | നൊച്ചാട് | 6 | 1 |
| | **ആകെ** | **431** | **162** |